പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1011** 21/03/2013 ൽ മറുപടിയ്ക്ക്

**അടുത്ത അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. എം.പി. വിൻസെന്റ് :<br>ശ്രീ. എ.റ്റി. ജോർജ് :<br>ശ്രീ. വർക്കല കഹാർ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) അടുത്ത അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ മുഴുവനും അവധികാലത്തു തന്നെ കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | (എ) | അടുത്ത അദ്ധ്യയന വർഷത്തേയ്ക്ക് ആവശ്യമായ മുഴുവൻ പാഠപുസ്തകങ്ങ-ളുടേയും അച്ചടി പൂർത്തിയായി വരുന്നു. കഴിഞ്ഞ വർഷത്തെ പോലെ ഇത്തവണയും മദ്ധ്യവേനലവധിക്കാലത്തു തന്നെ പാഠപുസ്തകങ്ങൾ സ്കൂൾ സൊസൈറ്റികളിൽ എത്തിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിൽ നിന്നും റിക്വയർമെന്റ് ഓൺലൈനായി ജനുവരി മാസത്തിൽ വാങ്ങിയിരുന്നു. ഇതിനനുസരിച്ച് പുസ്തകങ്ങൾ തരംതിരിച്ച് സ്കൂളുകളിലെ-ത്തിക്കുന്ന പ്രക്രിയ ആരംഭിച്ചുകഴിഞ്ഞു. |
| ബി) അടുത്ത അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| സി) | എത്ര കോടി പുസ്തകങ്ങളാണ് അടുത്ത അദ്ധ്യയന വർഷത്തേക്ക് വിതരണം ചെയ്യുന്നത് ; വിശദമാക്കുമോ ; | (സി) | മുൻ വർഷങ്ങളെപ്പോലെ രണ്ടു ഘട്ടങ്ങളായാണ് പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിൽ 2,53,69,961 കോപ്പികളും രണ്ടാം ഘട്ടത്തിൽ 1,16,53,945 കോപ്പികളും ഉൾപ്പെടെ ആകെ 3,70,23,906 കോപ്പികൾ വിതരണം ചെയ്യേണ്ടതുണ്ട്. |
| ഡി) | മാറ്റമില്ലാത്ത പുസ്തകങ്ങളുടെ റീപ്രിന്റിംഗ് ജോലി അടിയന്തിരമായി പൂർത്തീകരിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | മുഴുവൻ പുസ്തകങ്ങളും മാറ്റമില്ലാത്തതാണ്. റീപ്രിന്റിംഗ് 2012 ആഗസ്റ്റ് മാസത്തിൽ തന്നെ തുടങ്ങി. സ്റ്റോക്ക് ബാലൻസ് കഴിച്ച് 2,02,66,200 കോപ്പികളാണ് ഒന്നാം ഘട്ടത്തിലേക്കായി അച്ചടിക്കേണ്ടത്. ഇതിൽ 1,37,76,400 കോപ്പികൾ അച്ചടിച്ചു കഴിഞ്ഞു. ഇനി 64,89,800 കോപ്പികൾ കൂടി അച്ചടിക്കാനുണ്ട്. 2013 ഏപ്രിൽ, മേയ് മാസങ്ങളിൽ മുഴുവൻ പുസ്തകങ്ങളും വിതരണം ചെയ്യാനാകും വിധം പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ